**കണ്ണൂർ സർവ്വകലാശാല**

**അക്കാദമിക് ഡി വിഭാഗം**

---

നമ്പർ. Acad.D4/5898/Gen/2020 — **സിവിൽ സ്റ്റേഷൻ (പി.ഒ)തീയതി:** 31.05.2022

**<u>സർക്കുലർ</u>**

വിഷയം:- അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നും, അഞ്ചും സെമെസ്റ്റർ ബിരുദം , അഫിലിയേറ്റഡ് കോളേജുകളിലെയും സർവകലാശാല പഠന വകുപ്പുകളിലെയും മൂന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പ്രോഗ്രാം , മൂന്നും, ഏഴും , ഒൻപതും സെമസ്റ്റർ എ എൽ എൽ ബി പ്രോഗ്രാം എന്നിവയിലേക്കുള്ള പുനഃപ്രവേശനം- അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദം (മൂന്നും അഞ്ചും സെമസ്റ്റർ ) ബിരുദാനന്തര ബിരുദം (മൂന്നാം സെമസ്റ്റർ ) എന്നിവയിലേക്കുള്ള കോളേജ് മാറ്റം - യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ്

സൂചന :- ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

******

സർവ്വകലാശാലയോട് അഫീലിയേറ്റ് ചെയ്ത കോളേജുകളിലും, സർവ്വകലാശാലയുടെ പഠന വകുപ്പുകളിലും, 2022-23 അക്കാദമിക വർഷത്തെ ബിരുദ (മൂന്നും അഞ്ചും സെമസ്റ്റർ), ബിരുദാനന്തര ബിരുദ (മൂന്നാം സെമസ്റ്റർ) പ്രോഗ്രാമുകളിലേക്കും ബി എ എൽ എൽ ബി പ്രോഗ്രാമിന്റെ (3,7,9 സെമസ്റ്റർ ) ലേക്ക് പുന:പ്രവേശനത്തിനും,അഫീലിയേറ്റഡ് കോളേജുകളിലെ ബിരുദ (മൂന്ന് ,അഞ്ച് സെമസ്റ്റർ) ബിരുദാനന്തര ബിരുദ(മൂന്നാം സെമസ്റ്റർ) പ്രോഗ്രാമുകളിലേക്ക് കോളേജ് മാറ്റത്തിനും ആയി വിദ്യാർത്ഥികൾക്ക് **2022 ജൂൺ 13** വരെ അപേക്ഷകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവായ വിവരം അറിയിക്കുന്നു.

വിദ്യാർത്ഥികളുടെ അപേക്ഷകളിന്മേൽ കോളേജ് തലത്തിലുള്ള നടപടികൾ പൂർത്തിയാക്കി ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിന് പ്രിൻസിപ്പാൾമാർക്ക്/വകുപ്പ് മേധാവികൾക്ക്/അസിസ്റ്റന്റ് ഡയരക്ടർക്ക്/കോഴ്സ് ഡയരക്ടർക്ക് സർവ്വകലാശാലയുടെ വെബ് പോർട്ടലിൽ **2022 ജൂൺ 20** വരെ സമയം അനുവദിച്ച് ഉത്തരവായിട്ടുള്ളതായും അറിയിക്കുന്നു.

ഒപ്പ് /-

**ബാലചന്ദ്രൻ വി കെ**

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1.പ്രിൻസിപ്പാൾമാർ, സർവ്വകലാശാലയോട് അഫീലിയേറ്റ് ചെയ്ത കോളേജുകൾ.

2.വകുപ്പ് മേധാവികൾ/അസിസ്റ്റന്റ് ഡയരക്ടർ/കോഴ്സ് ഡയരക്ടർ
സർവ്വകലാശാലയുടെ പഠന വകുപ്പുകൾ, സെന്ററുകൾ.

പകർപ്പ്:

സർവ്വകലാശാലയുടെ ഐ.ടി സെന്റർ ഡയരക്ടർ.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ